**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** **19-06-2024 - ൽ മറുപടിയ്ക്ക്**

**പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും കെട്ടിടവും തിരിച്ചു പിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടവും തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞു കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും, തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിയ്ക്കെതിരെ 1968 ലെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്ത് 1958 ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട എത്ര ഹെക്ടർ ഭൂമിയും എത്ര കെട്ടിടങ്ങളും ഈ സർക്കാർ നാളിതുവരെ പിടിച്ചെടുത്തുവെന്നും ഇനി പിടിച്ചെടുക്കാനുള്ളവയുടെ വിശദാംശവും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 2.737 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ 0.2605 ഹെക്ടർ, കൊല്ലം ജില്ലയിൽ 94 സെന്റ്, ഇടുക്കി 6.31 സെന്റ്, തൃശ്ശൂർ ജില്ലയിൽ 24 സെന്റ്, മലപ്പുറം ജില്ലയിൽ 1.6148 ഹെക്ടർ, എന്നീ വസ്തുക്കൾ തിരിച്ചെടുക്കാനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (സി) | ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളിൽപ്പെട്ട എത്ര കേസ്സുകൾ ഉണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്ന തുടർ നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (സി) | നിലവിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട 73 കേസുകളുണ്ടെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോടതികളിൽ നിലവിലുള്ള കേസുകളിൽ ഊർജ്ജിതമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് കോടതി നടപടി വേഗത്തിലാക്കാൻ നിർദ്ദേശം നൽകാറുണ്ട്. കോടതി ഉത്തരവ് ലഭിച്ച കേസുകളിൽ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ